(എച്ച്) വരുമാനം കുറഞ്ഞ സർവ്വീസുകൾ മാത്രമാണ് തൽക്കാലത്തേക്ക് നിർത്തിവച്ചിട്ടുള്ളത്. ഇങ്ങനെ ചെയ്യുമ്പോൾ യാത്രക്കാർക്ക് ബുദ്ധിമുട്ട് ഉണ്ടാകാതിരിക്കാൻ പരമാവധി ശ്രമിക്കുന്നുണ്ട്. യാത്രക്കാർ കുറവുള്ളതോ മറ്റു യാത്രാ സൗകര്യങ്ങൾ ഉള്ളതോ ആയ റൂട്ടുകളിലെ ചില ട്രിപ്പുകൾ മാത്രമാണ് നിർത്തലാക്കിയിട്ടുള്ളത്.

(ഐ) വരുമാനം കുറവുകാരണം താൽക്കാലികമായി നിർത്തിവച്ചിട്ടുള്ള സർവ്വീസുകൾ പുനഃക്രമീകരിച്ച് ലാഭകരമായി പുനഃരാരംഭിക്കുവാൻ ഉള്ള നടപടികൾ എടുത്തു വരുന്നു.

ഡീസൽ, ഓയിൽ വാങ്ങിയ ഇനത്തിൽ കെ. എസ്. ആർ. ടി. സി. നൽകുവാനുള്ള തുക

25 (1578) <u>ശ്രീ. സി. ടി. അഹമ്മദ് അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡീസൽ, ഓയിൽ എന്നിവ വാങ്ങിയയിനത്തിൽ കേരള റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ എന്തു തുക കൊടുത്തു തീർക്കാനുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ആർക്കെല്ലാം എന്തു തുക വീതം കൊടുത്തു തീർക്കാനുണ്ടെന്ന് വിശദമാക്കാമോ ;

(സി) പ്രസ്തുത തുക എന്നേക്ക് കൊടുത്തു തീർക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ;

(ഡി) സർക്കാരിൽ നിന്നടക്കം കെ.എസ്.ആർ.ടി.സി.-ക്ക് ആരിൽ നിന്നെല്ലാം എന്തു തുക വീതം പിരിഞ്ഞു കിട്ടാനുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഇ) പ്രസ്തുത തുക എന്നേക്ക് ലഭിക്കും എന്ന് വ്യക്തമാക്കാമോ ;

(എഫ്) കാസർഗോഡ് ജില്ലാ ട്രാൻസ്പോർട്ട് സ്റ്റേഷനിൽ നിന്നും എത്ര അന്തർ സംസ്ഥാന ബസ് സർവ്വീസുകളും, സംസ്ഥാനത്തിനകത്ത് എത്ര ബസ് സർവ്വീസുകളും നടത്തുന്നുണ്ടെന്നും അവ ഏതെല്ലാം റൂട്ടിലാണെന്നും വ്യക്തമാക്കാമോ ?

(ജി) കാസർഗോഡ് നിന്നും കൂടുതൽ ബസ് സർവ്വീസ് അനുവദിക്കുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുമോ ?

<u>ഉത്തരം</u>

(എ) ഡീസൽ, ഓയിൽ എന്നിവ വാങ്ങിയ ഇനത്തിൽ കെ.എസ്.ആർ.ടി.സി. 28-2-2001 വരെ 21.85 കോടി രൂപാ കൊടുത്തു തീർക്കാനുണ്ട്.

(ബി) ഇന്ത്യൻ ഓയിൽ കോർപ്പറേഷന് 20.83 കോടി രൂപയും, ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷന് 1.02 കോടി രൂപയും വീതം കൊടുത്തു തീർക്കാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കെ.എസ്.ആർ.ടി.സി. യുടെ സാമ്പത്തിക നില മെച്ചപ്പെടുന്നതനുസരിച്ച് പ്രസ്തുത തുക കൊടുത്ത് തീർക്കാൻ സാധിക്കുന്നതാണ്.

(ഡി) 1. ജില്ലാ കളക്ടർമാർ
2. ശിശുക്ഷേമ സമിതി (കേരള)
3. വിനോദ സഞ്ചാര വകുപ്പ്
4. റെയിൽ ഗതാഗത വകുപ്പ്
5. ഹോർട്ടി കോർപ്പറേഷൻ
6. പബ്ലിക് റിലേഷൻസ് വകുപ്പ്
7. പോലീസ് ഡിപ്പാർട്ടുമെന്റ്
8. തപാൽ വകുപ്പ് - എന്നിവയിൽ നിന്നും യഥാർത്ഥ തുക 4,82,58,392 രൂപയും പലിശ ഇനത്തിൽ 1,89,72,598 രൂപയും കിട്ടാനുണ്ട്.

(ഇ) പ്രസ്തുത തുക എന്നത്തേയ്ക്ക് ലഭ്യമാക്കാമെന്ന് ആരും ഇതേവരെ വ്യക്തമാക്കിയിട്ടില്ല.

(എഫ്) കാസർഗോഡ് ഡിപ്പോയിൽ നിന്നും മുപ്പത്തൊന്ന് (31) അന്തർ സംസ്ഥാന സർവ്വീസുകളും, സംസ്ഥാനത്തിനകത്ത് എഴുപത് (70) സർവ്വീസുകളും അനുവദിച്ചിട്ടുണ്ട്. അന്തർസംസ്ഥാന സർവ്വീസുകൾ താഴെ പറയുന്നവയാണ്.

1.	കാസർഗോഡ് - മാംഗ്ലൂർ	- 15 എണ്ണം
2.	കോഴിക്കോട് - മാംഗ്ലൂർ	- 1 എണ്ണം
3.	കാസർഗോട് - സുബ്രമണ്യ	- 1 എണ്ണം
4.	കാസർഗോഡ് - മാംഗ്ലൂർ	- 2 എണ്ണം
5.	കൊന്നക്കാട് - മണിപ്പാൽ	- 1 എണ്ണം
6.	കാസർഗോഡ് - തുള്ളിയ	- 5 എണ്ണം
7.	കാസർഗോഡ് - പുത്തൂർ	- 5 എണ്ണം
8.	കാസർഗോഡ - ബെർക്കാറ	- 1 എണ്ണം
	ആകെ	31 എണ്ണം

സംസ്ഥാനത്തിനകത്തുള്ള സർവ്വീസുകൾ ഇനി പറയുന്നവയാണ്.

1.	കാസർഗോഡ് - കാഞ്ഞങ്ങാട്	22 എണ്ണം
2.	കാസർഗോഡ് - പാലക്കട്	3 എണ്ണം
3.	കാസർഗോഡ് - പൊയിനാച്ചി	1 എണ്ണം
4.	കാസർഗോഡ് - ബന്ദടുക്ക	1 എണ്ണം
5.	കാസർഗോഡ് - കാഞ്ഞങ്ങാട്-ബന്ദടുക്ക	1 എണ്ണം
6.	കാസർഗോഡ് - ചിറ്റാരിക്കൽ	1 എണ്ണം

LIBRARY ARCHIVES Kerala Legislative Assembly

7.	കാസർഗോഡ് - കൊന്നക്കാട്	2 എണ്ണം
8.	കാസർഗോഡ് - മയ്യിൽ	1 എണ്ണം
9.	കാസർഗോഡ് - പനത്തൂർ	2 എണ്ണം
10.	കാസർഗോഡ് - ചെര്യംപാല	1 എണ്ണം
11.	കാസർഗോഡ്- കാപ്പനടുക്കാൻ	1 എണ്ണം
12.	കാസർഗോട് - ചെംപാരിക	3 എണ്ണം
13.	കാസർഗോഡ് - ജിഹുരി	1 എണ്ണം
14.	കാസർഗോഡ്- ചലാഞ്ചർ	1 എണ്ണം
15.	കാസർഗോഡ് - കല്ലാരി	1 എണ്ണം
16.	കാസർഗോഡ് - കായല്ലൂർ	1 എണ്ണം
17.	കാസർഗോഡ് - കംസാർ	1 എണ്ണം
18.	കാസർഗോഡ് - കണ്ണൂർ	17 എണ്ണം
19.	കാസർഗോഡ് - പറശ്ശിനിക്കടവ്	2 എണ്ണം
20.	കാസർഗോഡ് - കോട്ടയം	1 എണ്ണം
21.	കാസർഗോഡ് - തൃപ്പരിപ്പൂർ	1 എണ്ണം
22.	കാസർഗോഡ് - ചീരകയം	1 എണ്ണം
23.	കാസർഗോഡ് - തിരുവനന്തപുരം	1 എണ്ണം
24.	കാസർഗോഡ് - കാഞ്ഞിരപ്പൊയിൽ	1 എണ്ണം
25.	കാസർഗോഡ് - പയ്യന്നൂർ	1 എണ്ണം
26.	കാസർഗോഡ് - മൂലഗഡ്ഡി	1 എണ്ണം
	ആകെ	**70 എണ്ണം**

(ജി) ബസ്സിന്റെയും ജീവനക്കാരുടെയും കുറവ് നികത്തുന്നതനുസരിച്ച് ലാഭകരമായി ഓടിക്കാവുന്ന റൂട്ടുകളുണ്ടെങ്കിൽ കൂടുതൽ ബസ് സർവ്വീസ് അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

ഡീസൽ ക്ഷാമംമൂലം നിർത്തലാക്കിയ കെ.എസ്.ആർ.ടി.സി. ബസ്സുകൾ

26 (1579) ശ്രീ. ടി. നാണു മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡീസൽ ക്ഷാമത്തെ തുടർന്ന് കെ.എസ്.ആർ.ടി.സി. ഷെഡ്യൂളുകൾ നിർത്തലാക്കുന്നുണ്ടോ ;

(ബി) എങ്കിൽ കൊല്ലം ജില്ലയിലെ ഡിപ്പോകളിൽ എവിടെ നിന്നെല്ലാം എത്ര ഷെഡ്യൂളുകൾ നിർത്തലാക്കി ;

(സി) നിർത്തലാക്കിയ ഷെഡ്യൂളുകൾ പുനരാരംഭിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly